2026
APRIL
30
THUSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഉഷ്ണതരംഗം:

## രാജ്യവ്യാപകമായി ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ച് കേന്ദ്രം



**ന്യൂഡൽഹി:** രാജ്യത്തുടനീളം താപനില ഉയരുകയും ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് കേന്ദ്ര തൊഴിൽ മന്ത്രാലയം. ഇതുസംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മന്ത്രാലയത്തിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾക്കും പ്രത്യേക ജാഗ്രതാ നിർദ്ദേശം നൽകി. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്കും, അഡ്മിനിസ്ട്രേറ്റർമാർക്കും അയച്ച കത്തിൽ, തൊഴിലാളികളെ, പ്രത്യേകിച്ച് പുറംജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും കഠിനമായ ശാരീരിക അധ്വാനം ആവശ്യമുള്ള മേഖലകളിൽ ജോലി ചെയ്യുന്നവർക്കും പ്രത്യേക സംരക്ഷണം നൽകണമെന്നും അതിനായി ഏകോപിതവും, ബഹുമുഖവുമായ സമീപനം ആവശ്യമാണെന്നും മന്ത്രാലയം വ്യക്തമാക്കി. തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി തൊഴിലുടമകൾക്കും വ്യവസായ ശാലകൾക്കും നിർമ്മാണ കമ്പനികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും ജീവനക്കാരുടെയും ജോലി സമയം പുനഃക്രമീകരിക്കാൻ അനുമതി നൽകണം. തൊഴിലിടങ്ങളിൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാണെന്ന് ഉറപ്പുവരുത്തണം. തൊഴിലാളികൾക്ക് വിശ്രമിക്കാനുള്ള സ്ഥലങ്ങളും തൊഴിലിടങ്ങളിൽ ചൂട് കുറയ്ക്കാനുള്ള സംവിധാനങ്ങളും ഒരുക്കണം.

നിർമ്മാണ മേഖലയിലുൾപ്പെടെ ആവശ്യമായ ഇടങ്ങളിൽ ഐസ് പാക്കുകളും, ചൂട് മൂലമുണ്ടാകുന്ന അസുഖങ്ങളെ പ്രതിരോധിക്കാനുള്ള മറ്റ് സംവിധാനങ്ങളും സജ്ജമാക്കണം. ആരോഗ്യ വകുപ്പുമായി ഏകോപിപ്പിച്ച് തൊഴിലാളികൾക്കായി പതിവ് ആരോഗ്യ പരിശോധനകൾ ഉറപ്പാക്കണം. കഠിനമായ ചൂടുള്ള സമയങ്ങളിൽ ജോലിയുടെ വേഗം കുറയ്ക്കാൻ തൊഴിലാളികളെ അനുവദിക്കുക, തുടർച്ചയായ ജോലി ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ, കുറഞ്ഞത് രണ്ട് പേരെ വീതം ഒരേസമയം ജോലിക്ക് നിയോഗിക്കുക, തൊഴിലിടങ്ങളിൽ മതിയായ വായുസഞ്ചാരവും തണുപ്പിക്കാനുള്ള ക്രമീകരണങ്ങളും വിശ്രമമുറികളും ഉറപ്പാക്കുക എന്നിവ ഉൾപ്പെടെ തൊഴിലാളികൾക്ക് കൂടുതൽ ആശ്വാസം നൽകാൻ ഫാക്ടറി, ഖനി മാനേജ്മെന്റുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാണ തൊഴിലാളികൾ, ഇഷ്ടികച്ചൂള തൊഴിലാളികൾ, ദിവസവേതനക്കാർ, താൽക്കാലിക തൊഴിലാളികൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണമെന്നും കേന്ദ്രം വ്യക്തമാക്കിയിട്ടുണ്ട്. ഉഷ്ണതരംഗ സുരക്ഷാ സന്ദേശങ്ങളും അടിയന്തര കോൺടാക്റ്റ് വിശദാംശങ്ങളും ഉൾക്കൊള്ളുന്ന പോസ്റ്ററുകളും ബാനറുകളും പ്രദർശിപ്പിക്കുന്നതിനൊപ്പം, തൊഴിലാളികൾ ഒത്തുകൂടുന്ന സ്ഥലങ്ങളിലും പൊതുസ്ഥലങ്ങളിലും ബോധവൽക്കരണ കാമ്പെയ്നുകൾ നടത്താൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി.

ഉഷ്ണതരംഗ ലഘൂകരണത്തെയും പ്രതിരോധത്തെയും കുറിച്ച് വിപുലമായ ബോധവൽക്കരണപരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗിനും, നാഷണൽ ബോർഡ് ഫോർ വർക്കേഴ്സ് എഡ്യൂക്കേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷന്റെയും ഡയറക്ടർ ജനറൽ ഓഫ് ലേബർ വെൽഫെയറിന്റെയും കീഴിലുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും ഹീറ്റ് സ്ട്രോക്ക് കേസുകൾക്കായി പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കാനും ഒ.ആർ.എസ്, ഐസ് പായ്ക്കുകൾ, ചൂട് മൂലമുണ്ടാകുന്ന അസുഖങ്ങൾ തടയാനുള്ള മറ്റ് മരുന്നുകൾ എന്നിവയുടെ മതിയായ ലഭ്യത ഉറപ്പുവരുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. സുരക്ഷിതമായ ജോലി സാഹചര്യങ്ങൾ, കുടിവെള്ളം, വെന്റിലേഷൻ, കൂളിംഗ് സൗകര്യങ്ങൾ, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ പരിശോധന എന്നിവയുമായി ബന്ധപ്പെട്ട നിയമപരമായ വ്യവസ്ഥകൾ പാലിക്കുന്നത് നിരീക്ഷിക്കാൻ ചീഫ് ലേബർ കമ്മീഷണർ, ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻസ് സേഫ്റ്റി തുടങ്ങിയ എൻഫോഴ്സ്മെന്റ് ഏജൻസികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഉഷ്ണതരംഗ പ്രതിരോധത്തിനായി സ്വീകരിച്ച നടപടികളെക്കുറിച്ചും ബോധവൽക്കരണ പരിപാടികളെക്കുറിച്ചും എല്ലാ സ്ഥാപനങ്ങളും രണ്ടാഴ്ചയിലൊരിക്കൽ മന്ത്രാലയത്തിന് റിപ്പോർട്ട് നൽകേണ്ടതാണ്. വേനൽക്കാലത്ത് തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും ഉൽപ്പാദനക്ഷമതയും ഉറപ്പാക്കുന്നതിന് സമയബന്ധിതമായ പ്രതിരോധ നടപടികളും സൂക്ഷ്മ നിരീക്ഷണവും അനിവാര്യമാണെന്നും മന്ത്രാലയം വ്യക്തമാക്കി.

# ഗൂഗിളിന്റെ ഇന്ത്യ എഐ ഹബ്ബിന് തറക്കല്ലിട്ടു

**കൊച്ചി:** ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ഗൂഗിൾ എഐ ഹബ്ബിന് തറക്കല്ലിട്ടു. രാജ്യത്തിന്റെ ഡിജിറ്റൽ ഭാവിയിലേക്കുള്ള കമ്പനിയുടെ ഇതുവരെയുള്ള ഏറ്റവും വലിയ നിക്ഷേപമാണിത്. എയർടെല്ലിന്റെ നെക്സ്ട്ര അദാനി കണക്സിനൊപ്പം ഈ ഇക്കോസിസ്റ്റത്തിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകും. ഇന്ത്യയുടെ സാമ്പത്തിക, പാരിസ്ഥിതിക കരുത്തിനോടുള്ള ഗൂഗിളിന്റെ പ്രതിജ്ഞാബദ്ധത ഉറപ്പിക്കുന്നതാണ് ഈ പദ്ധതി. നെക്സ്ട്രയുടെ ലോകോത്തര ഡാറ്റ സെന്ററുകൾ, ഇന്ത്യയിലുടനീളമുള്ള അൾട്രാ-ലോ-ലേറ്റൻസി ഫൈബർ, ഹരിതോർജം, അടുത്ത തലമുറ കേബിൾ ലാൻഡിങ് സ്റ്റേഷൻ എന്നിവയെ പ്രയോജനപ്പെടുത്തും.

കേന്ദ്ര റെയിൽവേ, ഐ & ബി, ഇലക്ട്രോണിക്സ് & ഐടി മന്ത്രി അശ്വിനി വൈഷ്ണവ് , ആന്ധ്ര പ്രദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡു, ആന്ധ്ര പ്രദേശ് ഐടി മന്ത്രി എൻ ലോകേഷ്, ഗൂഗിൾ ക്ലൗഡ് വിപി ബികാശ് കോലെ, അദാനി ഗ്രൂപ്പ് ഡയറക്ടർമാരായ കരൺ, ജീത് അദാനി, ഭാരതി എന്റർപ്രൈസസ് വൈസ് ചെയർമാൻ രാകേഷ് മിത്തൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

എഐ ഹബ്ബും വിശാഖപട്ടണത്തിൽ ലാൻഡ് ചെയ്യുന്ന മൂന്ന് സബ്സീ കേബിളുകളും രാജ്യത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ വളരെ നിർണായക അടിസ്ഥാനസൗകര്യമായി മാറുമെന്ന് ഐടി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഞങ്ങളുടെ ലോകോത്തര ഡാറ്റ സെന്ററുകളും ഹരിതോർജത്തിന്റെ ഉപയോഗവും ഇന്ത്യയിലുടനീളമുള്ള അൾട്രാ-ലോ-ലേറ്റൻസി ഫൈബറും അടുത്ത തലമുറ കേബിൾ ലാൻഡിങ് സ്റ്റേഷനും വിശാഖപട്ടണത്തിലെ വൻകിട, ലോകോത്തര എഐ അടിസ്ഥാന സൗകര്യത്തെ സാധ്യമാക്കുമെന്ന് ഭാരതി എയർടെല്ലിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർമാനായ ഗോപാൽ വിത്തൽ ചടങ്ങിൽ പറഞ്ഞു.

# പശ്ചിമേഷ്യൻ പ്രതിസന്ധി: ടയർ നിർമ്മാണ മേഖലയിൽ ആശങ്ക; കേന്ദ്ര ഇടപെടൽ തേടി ആത്മ

**കൊച്ചി:** പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് വിതരണ ശൃംഖലയിലുണ്ടായ അനിശ്ചിതത്വം പരിഹരിക്കാൻ കേന്ദ്ര സർക്കാർ നയപരമായ പിന്തുണ നൽകണമെന്ന് ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ആത്മ) ആവശ്യപ്പെട്ടു. ടയർ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി തീരുവയിൽ ഇളവ് നൽകണമെന്നാണ് അസോസിയേഷന്റെ പ്രധാന ആവശ്യം. നിലവിലെ പ്രതിസന്ധി മറികടക്കാൻ സിന്തറ്റിക് റബ്ബർ, പ്രത്യേക റെസിനുകൾ എന്നിവയ്ക്ക് 2026 ജൂൺ 30 വരെ താൽക്കാലിക കസ്റ്റംസ് തീരുവ ഇളവ് അനുവദിച്ച സർക്കാർ നടപടിയെ അസോസിയേഷൻ സ്വാഗതം ചെയ്തു.




എന്നാൽ ടയർ നിർമ്മാണത്തിന് ഒഴിച്ചുകൂടാനാവാത്ത നൈലോൺ ടയർ കോർഡ് ഫാബ്രിക്, ബീഡ് വയർ, സ്റ്റീൽ ടയർ കോർഡ്, കാർബൺ ബ്ലാക്ക് തുടങ്ങിയവയ്ക്ക് ഇപ്പോഴും ഉയർന്ന ഇറക്കുമതി തീരുവ നിലനിൽക്കുന്നത് വ്യവസായത്തിന് തിരിച്ചടിയാണെന്ന് ആത്മ ചൂണ്ടിക്കാട്ടി.

ആഗോള സാഹചര്യങ്ങൾ ഇപ്പോഴും അനിശ്ചിതത്വത്തിലായതിനാൽ കൂടുതൽ അസംസ്കൃത വസ്തുക്കൾക്ക് തീരുവ ഇളവ് നൽകുന്നത് ഉൽപ്പാദന സുസ്ഥിരത ഉറപ്പാക്കാൻ അത്യന്താപേക്ഷിതമാണെന്ന് ആത്മ ചെയർമാൻ അരുൺ മാമ്മൻ പറഞ്ഞു. ടയർ നിർമ്മാണ ചിലവിന്റെ 60 മുതൽ 70 ശതമാനം വരെ വരുന്നത് ക്രൂഡ് ഓയിൽ അധിഷ്ഠിത വസ്തുക്കൾക്കാണ്. ക്രൂഡ് ഓയിൽ വിലയിലെ ചാഞ്ചാട്ടവും ഹോർമുസ് കടലിടുക്ക്, സൂയസ് കനാൽ തുടങ്ങിയ പ്രധാന കപ്പൽ പാതകളിലെ പ്രതിസന്ധിയും ചരക്ക് നീക്കത്തെയും ഇൻഷുറൻസ് നിരക്കുകളെയും ബാധിക്കുന്നുണ്ട്. ഇത് ഉൽപ്പാദന ചിലവ് കുത്തനെ ഉയർത്തുന്നതായും അദ്ദേഹം വ്യക്തമാക്കി.

ടയറുകളുടെ സുരക്ഷയിൽ നിർണ്ണായകമായ ബീഡ് വയറുകളുടെ ലഭ്യതയിലുള്ള കുറവും അസോസിയേഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വ്യാവസായിക വാതകങ്ങളുടെയും എൽപിജിയുടെയും ക്ഷാമം ആഭ്യന്തര ഉൽപ്പാദകരെ പ്രതിസന്ധിയിലാക്കുന്നുണ്ട്. അതിനാൽ ബീഡ് വയറുകളുടെ ഇറക്കുമതിക്ക് ക്വാളിറ്റി കൺട്രോൾ ഓർഡറിൽനിന്ന് താൽക്കാലിക ഇളവ് അനുവദിക്കണമെന്നും ആത്മ ആവശ്യപ്പെട്ടു. കൂടാതെ ടയർ നിർമ്മാണത്തിന് ആവശ്യമായ സൾഫർ, റബ്ബർ പ്രോസസ് ഓയിലുകൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്താൻ റിഫൈനറികളുടെ ഇടപെടലും അസോസിയേഷൻ തേടിയിട്ടുണ്ട്.

കൃഷി, ഗതാഗതം, ചരക്ക് നീക്കം തുടങ്ങിയ മേഖലകളിൽ ടയർ ഉൽപ്പാദനം നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ വിതരണത്തിലുണ്ടാകുന്ന ഏത് തടസ്സവും കർഷകരെയും സാധാരണക്കാരെയും നേരിട്ട് ബാധിക്കുമെന്നും അസോസിയേഷൻ ഓർമ്മിപ്പിച്ചു. മേക്ക് ഇൻ ഇന്ത്യ, സ്വയം പര്യാപ്തത തുടങ്ങിയ സർക്കാരിന്റെ മുൻഗണനാ പദ്ധതികളോട് പൂർണ്ണമായും സഹകരിച്ചു കൊണ്ടുതന്നെ ബാഹ്യമായ തടസ്സങ്ങൾ മറികടക്കാൻ സർക്കാരും വ്യവസായ ലോകവും തമ്മിലുള്ള നിരന്തരമായ ഇടപെടൽ അത്യാവശ്യമാണെന്ന് ആത്മ വ്യക്തമാക്കി. കൃത്യമായ നയപരമായ പിന്തുണ ലഭിച്ചാൽ മാത്രമേ ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കൂ എന്നും അസോസിയേഷൻ കൂട്ടിച്ചേർത്തു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കൊച്ചി മാരിയറ്റ് ഹോട്ടൽ :** ബേക്കറി വ്യവസായത്തിലെ പുത്തൻ സാധ്യതകളെക്കുറിച്ചും നൂതന പാചക രീതികളെക്കുറിച്ചും അന്താരാഷ്ട്ര സംഘടനയായ യുഎസ് ഹൈബുഷ് ബ്ലൂബെറി കൗൺസിൽ സംഘടിപ്പിക്കുന്ന സെമിനാർ വൈകിട്ട് 5.30ന് . യുഎസ് ഹൈബുഷ് ബ്ലൂബെറി കൗൺസിൽ ഗ്ലോബൽ ബിസിനസ് ഡെവലപ്മെന്റ് ഡയറക്ടർ ഹെയ്യിംഗ് ഷാങ് ഉദ്ഘാടനം ചെയ്യും.

■ **പാവക്കുളം ശ്രീമഹാദേവക്ഷേത്രം :** പൗർണ്ണമി പൊങ്കാല മഹോത്സവത്തിന്റെ ഭാഗമായി രാവിലെ 5ന് ഗണപതിഹോമം, 9ന് ദേവിക്കും മഹാദേവനും പൂമൂടൽ, ഉച്ചയ്ക്ക് പ്രസാദഊട്ട് , വൈകിട്ട് 5.30ന് തിരുവാഭരണ ശോഭായാത്ര, 6ന് കരോക്കെ ഭക്തിഗാനസുധ, രാത്രി 7ന് സുശീൽകുമാർ വല്ലയിൽ അവതരിപ്പിക്കുന്ന് പുല്ലാങ്കുഴൽ കരോക്കെ ഭക്തിഗാനാലാപനം.

## മൂവാറ്റുപുഴ

■ **നിർമല കോളജ് ഗ്രൗണ്ട് :** രണ്ടാം ഘട്ട ഫുട്ബോൾ സെലക്ഷൻ ട്രയൻസ് രാവിലെ 8ന്.

## തൃപ്പൂണിത്തുറ

■ **തൃപ്പൂണിത്തുറ വടക്കേകോട്ട സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ. ദിവ്യബലി രാവിലെ 6.30ന്, വൈകിട്ട് 5.30ന് ദിവ്യബലി, നൊവേന, ആരാധന, ഫാ. സെബാസ്റ്റ്യൻ മുന്നുകുട്ടുങ്കൽ മുഖ്യകാർമ്മികനാകും, വചനപ്രഘോഷണം ഫാ. വർഗ്ഗീസ് പെരുമായൻ

## കാഞ്ഞിരമറ്റം

■ **ക്രോധമംഗലം ശ്രീ സന്ദാനഗോപാലമൂർത്തി ക്ഷേത്രം :** വൈശാഖ മാസ ഉതസവവും പ്രതിഷ്ഠാവാർഷികവും. വൈകിട്ട് 7ന് തിരുവാതിരകളി, കരോക്കെ ഗാനമേള.

## ആരക്കുന്നം

■ **ചൂരക്കുഴി സെന്റ് ജോർജ്ജ് ചാപ്പൽ :** ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ. വൈകിട്ട് 6.30ന് കൊടി ഉയർത്തൽ.

# പെരുന്നാൾ വെടിക്കെട്ട് ഉപേക്ഷിച്ച് കടമറ്റം പള്ളി; പകരം സ്നേഹഭവനം നിർമ്മിക്കും

**കൊച്ചി / കോട്ടയം :** മലങ്കരസഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ സ്നേഹചലഞ്ച് ഏറ്റെടുത്ത് കൂടുതൽ ദൈവാലയങ്ങൾ. ചരിത്ര പ്രസിദ്ധമായ കടമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ മെയ് ആദ്യവാരം നടക്കുന്ന വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാളിന് വെടിക്കെട്ട് ഒഴിവാക്കാൻ ഇടവക ഭരണസമിതി തീരുമാനിച്ചു.

മുണ്ടത്തിക്കോട് ദുരന്തരത്തിന്റെ പശ്ചാത്തലത്തിൽ സഭാധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവാ നൽകിയ ആഹ്വാനം ഏറ്റെടുത്താണ് മാതൃകാപരമായ ചുവടുവെയ്പ്. വെടിക്കെട്ടിനായി ചെലവഴിക്കുന്ന പണം ഉപയോഗിച്ച് സ്നേഹഭവനം നിർമ്മിക്കുമെന്ന് ഇടവക വികാരി ഫാ. റോബിൻ മർക്കോസ് വ്യക്തമാക്കി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയും, കോട്ടൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയും വെടിക്കെട്ട് ഉപേക്ഷിച്ചിട്ടുണ്ട്. ഇതിനായി നീക്കിവെച്ച തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുമെന്ന് ഇടവകനേതൃത്വം അറിയിച്ചു. ആഗോള ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രങ്ങളായ പുതുപ്പള്ളി പള്ളിയും, ചന്ദനപ്പള്ളി വലിയപള്ളിയും വെടിക്കെട്ട് ഒഴിവാക്കിയിരുന്നു. ഇതിന് പിന്നാലെയാണ് നിരവധി ദൈവാലങ്ങൾ പരിശുദ്ധ കാതോലിക്കാ ബാവായുടെ സ്നേഹചലഞ്ച് ഏറ്റെടുത്ത് രംഗത്തുവന്നത്.

# ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്: പഠനശിബിരം സംഘടിപ്പിച്ചു



**കൊച്ചി:** കേരളത്തിലെ ക്രൈസ്തവ സാമൂഹിക പിന്നാക്കാവസ്ഥ പഠിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ വിലയിരുത്തുന്നതിനായി സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഏകദിന പഠനശിബിരം സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ മെത്രാനും സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ എപ്പിസ്കോപ്പൽ മെമ്പറുമായ ബിഷപ് മാർ ജോസ് പുളിക്കൽ പഠനശിബിരം ഉദ്ഘാടനം ചെയ്തു. ഇപ്രകാരം ഒരു കമ്മീഷനെ നിയമിക്കണമെന്ന ആവശ്യം സർക്കാരിന്റെ മുമ്പിൽ ഉന്നയിച്ചതു മുതൽ റിപ്പോർട്ട് പുറത്തുവിടുന്നതിനായി സഭ നടത്തിയ നിരന്തരമായ ഇടപെടലുകളെ അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അനുസ്മരിച്ചു.

കമ്മീഷൻ റിപ്പോർട്ടിലെ പ്രതിപാദ്യവിഷയങ്ങൾ സമുദായാംഗങ്ങളിൽ ഏവരിലും എത്തിക്കാനുള്ള ഊർജിത ശ്രമങ്ങൾ രൂപതകൾ നടത്തണമെന്ന് പഠനശിബിരത്തിൽ സമാപന സന്ദേശം നൽകിയ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർദ്ദേശിച്ചു. കമ്മീഷൻ റിപ്പോർട്ട് സഭകളുമായി ആലോചിച്ച് നടപ്പിലാക്കണമെന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുന്നുവെന്നും ഏതു സർക്കാർ അധികാരത്തിൽ വന്നാലും ഇതിനായുള്ള നടപടികളുമായി മുന്നോട്ടു പോകുമെന്നും മേജർ ആർച്ചുബിഷപ് വ്യക്തമാക്കി. റിപ്പോർട്ടിലെ വിവിധ അധ്യായങ്ങളെ ആസ്പദമാക്കി വിദഗ്ധ സമിതി അംഗങ്ങളായ ഡോ. മേരി റജീന, ഡോ. സിജോ ജേക്കബ്, ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, ഡോ. ചാക്കോ കാളാംപറമ്പിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ രൂപതകളിലെ വികാരി ജനറാൾമാരായ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റിയൻ വേത്താനത്ത്, മോൺ. വിൻസന്റ് നെടുങ്ങാട്ട്, മോൺ. ജോസഫ് വെള്ളമറ്റം എന്നിവർ വിവിധ സെഷനുകളിൽ മോഡറേറ്റർമാരായി ചർച്ചകൾ നയിച്ചു. സീറോമലബാർ സഭാ ചാൻസലർ ഫാ. എബ്രാഹം കാവിൽപുരയിടത്തിൽ, പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജയിംസ് കൊക്കാവയലിൽ, കാർപ്പ് കോർഡിനേറ്റർ ടോം ജോസഫ് ചമ്പക്കുളം എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. കേരളത്തിലെ വിവിധ സീറോമലബാർ രൂപതകളിൽ നിന്നുള്ള വൈദികരും അത്മായ പ്രതിനിധികളും പഠനശിബിരത്തിൽ പങ്കെടുത്തു. കമ്മീഷൻ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കണമെന്ന പൊതുവികാരം ചർച്ചയിൽ ഉയർന്നു വന്നു.

# കെ.വി.വി.ഇ.എസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ( കെ.വി.വി.ഇ.എസ് ) ചേരാനെല്ലൂർ-ചിറ്റൂർ യൂണിറ്റിന്റെ പുതിയ ഭാരവാഹികളായി അബ്ദുൾ ഷുക്കൂർ (പ്രസിഡന്റ്), കെ. എ അനൂപ് (ജനറൽ സെക്രട്ടറി), വി. എ എഡിസൺ (ട്രഷറർ), പി.ജി ജോസഫ് (രക്ഷാധികാരി) എന്നിവരെ തിരഞ്ഞെടുത്തു.

ചേരാനെല്ലൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന 36ാമത് വാർഷിക പൊതുയോഗത്തിലായിരുന്നു ഭാരവാഹികളെ തിരഞ്ഞെടുത്തത്. ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ് സമ്മേളനം ഉദ്ഘാടനം ചെയ്തു.





*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേരാനെല്ലൂർ-ചിറ്റൂർ യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട അബ്ദുൾ ഷുക്കൂർ (പ്രസിഡന്റ്) കെ.എ അനൂപ് (ജനറൽ സെക്രട്ടറി ) വി. എ എഡിസൺ (ട്രഷറർ) എന്നിവർ.*

# ശ്രീ കൂടൽമാണിക്യം തിരുവുത്സവം: ബഹുനില പന്തലിന്റേയും ദീപാലങ്കാരങ്ങളുടേയും സമർപ്പണം നിർവഹിച്ചു



**ഇരിങ്ങാലക്കുട :** ശ്രീ കൂടൽമാണിക്യം തിരുവുത്സവത്തോടനുബന്ധിച്ച് ഐ.സി.എൽ ഫിൻകോർപ് സമർപ്പിക്കുന്ന ദീപാലങ്കാരങ്ങളുടെയും ബഹുനിലപന്തലിന്റെയും സ്വിച്ച് ഓൺ കർമ്മം നഗരസഭ ചെയർമാൻ എം.പി ജാക്സൺ നിർവ്വഹിച്ചു. നാല് നിലകളിലായി എൺപതടി ഉയരമുള്ള പന്തലാണ് ഇത്തവണ നിർമ്മിച്ചിട്ടുള്ളത്. ഇത് കൂടാതെ നിരവധി ദേവീദേവൻമാരുടെ കട്ടൗട്ടുകളും സ്ഥാപിച്ചിട്ടുണ്ട്. ഐ.സി.എൽ ഫിൻകോർപ് സി.എം.ഡിയും ലാറ്റിനമേരിക്കൻ ട്രേഡ് കൗൺസിൽ ഗുഡ് വിൽ അബാസിഡറുമായ അഡ്വ. കെ.ജി. അനിൽകുമാർ സമർപ്പണം നിർവ്വഹിച്ചു. ഐ.സി.എൽ. ഫിൻകോർപ് സി.ഇ.ഒ ഉമ അനിൽകുമാർ, ദേവസ്വം ബോർഡ് ചെയർമാൻ അഡ്വ. സി.കെ. ഗോപി, അഡ്മിനിസ്ട്രേറ്റർ രാധേഷ്, കൗൺസിലർ സ്മിത കൃഷ്ണകുമാർ, നഗരസഭ പ്രതിപക്ഷ നേതാവ് പി.വി ശിവകുമാർ, ദേവസ്വം ബോർഡ് അംഗങ്ങളായ ഗോവിന്ദൻ നമ്പൂതിരിപ്പാട്, രാഘവൻ മുളങ്ങാടൻ, ഡോ. മുരളി ഹരിതം, വി.സി പ്രഭാകരൻ, കെ.ബിന്ദു, അഡ്വ. കെ.ജി അജയ്കുമാർ, ജീവനക്കാർ, ഭക്തർ എന്നിവർ സന്നിഹിതരായിരുന്നു.

# കനാൽ പുനരുജ്ജീവനത്തിന് പ്രകൃതിസൗഹൃദ മാർഗങ്ങൾ ചർച്ച ചെയ്ത് കൊച്ചി നഗരസഭ

**കൊച്ചി:** ജലാശയങ്ങളുടെ സംരക്ഷണം എങ്ങനെ ഉറപ്പാക്കാം എന്നത് സംബന്ധിച്ച് കൊച്ചി നഗരസഭ ശിൽപശാല സംഘടിപ്പിച്ചു. സി-ഹെഡിന്റെ സഹകരണത്തോടെയും ഇൻറർനാഷണൽ കൗൺസിൽ ഫോർ ലോക്കൽ എൻവയോൺമെൻറൽ ഇനിഷ്യേറ്റിവ്സ് (ഇക്ലെ) സൗത്ത് ഏഷ്യയുടെ സഹായത്തോടെയുമാണ് പ്രകൃതി സൗഹൃദ മാർഗങ്ങളിലൂടെ കനാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് മാർഗനിർദേശങ്ങൾ തയാറാക്കുന്നത്. ജലാശയങ്ങളുടെ പുനരുജീവനവുമായി ബന്ധപ്പെട്ട് ലോകത്തെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കി വിജയിച്ച പദ്ധതികളെ അടിസ്ഥാനമാക്കിയാണ് ശില്പശാല സംഘടിപ്പിച്ചത്. നഗരാസൂത്രണ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. പി. എം നസീമ ശില്പശാല ഉദ്ഘാടനം ചെയ്തു. ഇക്ലെ സൗത്ത് ഏഷ്യയുടെ ക്ളെയർ പ്രൊജക്റ്റിന്റെ ഭാഗമായി തയ്യാറാക്കിയ നേച്ചർ ബേസ്ഡ് സൊല്യൂഷൻ ഫോർ വാട്ടർബോഡി റെസ്റ്ററേഷൻ എന്ന പുസ്തകവും ശില്പശാലയിൽ പ്രകാശനം ചെയ്തു. കനാലുകളെ സംരക്ഷിക്കാതെ കൊച്ചിക്ക് മുന്നോട്ട് പോകാനാവില്ലെന്ന് സീ ഹെഡ് ഡയറക്ടർ ഡോ. രാജൻ സ്വാഗത പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. കനാൽ നവീകരണ പ്രവർത്തനങ്ങൾ ക്രിയാത്മകമായി മുന്നോട്ട് കൊണ്ടുപോകുമെന്നും വരും തലമുറയ്ക്കായി കനാലുകളും തോടുകളും സംരക്ഷിക്കുമെന്നും ശിൽപശാലയിൽ സംസാരിച്ച ഡെപ്യൂട്ടി മേയർ ദീപക് ജോയ് പറഞ്ഞു. വിദ്യാഭ്യാസ-കായിക സ്ഥിരം സമിതി അധ്യക്ഷ ജിസ്മി ജെറാൾഡ് അധ്യക്ഷത വഹിച്ചു. ഇക്ലെ സൗത്ത് ഏഷ്യ അസോസിയേറ്റ് ഡയറക്ടർ ഡോ.മൊണാലിസ സെൻ വിഷയാവതരണം നടത്തി. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ഷാകൃത സുരേഷ് ബാബു, സീന ടീച്ചർ, ടി കെ അഷ്റഫ്, കെ . എ മനാഫ്, കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.



*ജലാശയങ്ങളുടെ സംരക്ഷണം എങ്ങനെ ഉറപ്പാക്കാം എന്നത് സംബന്ധിച്ച് കൊച്ചി നഗരസഭ സംഘടിപ്പിച്ച ശിൽപശാലയിൽ ഇക്ലെ സൗത്ത് ഏഷ്യയുടെ ക്ളെയർ പ്രൊജക്റ്റിന്റെ ഭാഗമായി തയ്യാറാക്കിയ നേച്ചർ ബേസ്ഡ് സൊല്യൂഷൻ ഫോർ വാട്ടർബോഡി റെസ്റ്ററേഷൻ എന്ന പുസ്തകം പ്രകാശനം ചെയ്യുന്നു. ഡെപ്യൂട്ടി മേയർ ദീപക് ജോയ്,സ്ഥിരം സമിതി അധ്യക്ഷന്മാർ, കൗൺസിലർമാർ, സീ ഹെഡ് ഡയറക്ടർ ഡോ. രാജൻ, ഇക്ലെ സൗത്ത് ഏഷ്യ അസോസിയേറ്റ് ഡയറക്ടർ ഡോ.മൊണാലിസ സെൻ തുടങ്ങിയവർ ചിത്രത്തിൽ.*

# ഐ.എച്ച്.ആർ.ഡിയിൽ ഇന്റേൺഷിപ്പ് സൗകര്യം

**തിരുവനന്തപുരം:** സംസ്ഥാനത്തെ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം ഉറപ്പാക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (ഐ എച്ച് ആർ ഡി) ഇന്റേൺഷിപ്പ് പദ്ധതി നടപ്പിലാക്കുന്നു. ഐ.എച്ച്.ആർ.ഡിക്ക് കീഴിലുള്ള 44 കോളേജുകൾക്ക് പുറമെ, കേരളത്തിലെ മറ്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും അവർ താല്പര്യപ്പെടുന്ന വിഷയങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യാനുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്.

നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, ഐ.ടി , കന്റ് റൈറ്റിംഗ്, കമ്മ്യൂണിക്കേഷൻ സ്കിൽസ് തുടങ്ങി 117 വ്യത്യസ്ത വിഷയങ്ങളിൽ ഇന്റേൺഷിപ്പ് ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിൽ ആവശ്യമായ ക്രെഡിറ്റുകൾ നേടുന്നതിനൊപ്പം അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ നൈപുണ്യം നേടിയെടുക്കാനും സഹായിക്കുന്നു.

നിലവിൽ 114 കോളേജുകളിലായി ഏകദേശം 12,000 വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ചെയ്യുന്നുണ്ട്. പ്രമുഖ കമ്പനികളിലെ പ്രായോഗിക പരിശീലനവും പ്രോജക്ട് സൗകര്യങ്ങളും ഉറപ്പാക്കുന്ന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പിന്തുണയോടെയാണ് നടപ്പിലാക്കുന്നത്.

# ആഗോള കാൻസർ സമ്മേളനം മെയ് 02, 03 തീയതികളിൽ കൊച്ചിയിൽ

**കൊച്ചി:** വർധിച്ചു വരുന്ന കാൻസർ രോഗത്തിനെതിരെ അവബോധം വളർത്തുന്നതിനും അത്യാധുനിക കാൻസർ ചികിൽസാരീതികൾ ചർച്ച ചെയ്യുന്നതിനുമായി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ നേതൃത്വത്തിൽ മെയ് രണ്ട്, മൂന്ന് തിയ്യതികളിൽ എറണാകുളം ക്രൗൺ പ്ലാസയിൽ വെച്ച് ആഗോള കാൻസർ രോഗ വിദഗ്ദരുടെ സമ്മേളനം 2026 സംഘടിപ്പിക്കുമെന്ന് മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി. വി ലൂയിസ്, ഡോ. ശ്യാം വിക്രം, ഡോ. വരുൺ രാജൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാൻസർ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. ഒരു ലക്ഷം പേരിൽ 170 പേർ കാൻസർ ബാധിതരാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വർഷത്തിൽ ഏകദേശം 85,000 നും 90,000 നുമിടയിൽ പുതിയ കാൻസർ രോഗികൾ ഉണ്ടാകുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിലാണ് കാൻസറിനെതിരെ അവബോധം കൂടുതൽ ശക്തമാക്കുന്നതിനായി ആഗോള സമ്മേളനം സംഘടിപ്പിക്കുന്നതെന്നും ഡോ. പി. വി ലൂയിസ് പറഞ്ഞു.




എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ആഗോള കാൻസർ രോഗ വിദഗ്ദരുടെ സമ്മേളനം 2026 സംബന്ധിച്ച് മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി. വി ലൂയിസ് വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിക്കുന്നു. ഡോ. വരുൺ രാജൻ, ഡോ. ശ്യാം വിക്രം സമീപം

കാൻസർ ചികിൽസയിൽ പുതിയ നയരൂപീകരണം എങ്ങനെ സാധ്യമാക്കാം എന്നതും സമ്മേളനത്തിലെ പ്രധാന ചർച്ചാ വിഷയമാണ്. സമ്മേളനത്തിൽ രൂപപ്പെടുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കി സർക്കാരിന് സമർപ്പിക്കും. കാൻസർ ചികിത്സയിലെ വിവിധ മേഖലകൾ സംബന്ധിച്ച് വിദഗ്ദർ നയിക്കന്ന സെമിനാറുകൾ, ക്രോസ് റോഡ്സ് എന്ന പേരിൽ കാൻസർ രോഗവുമായി ബന്ധപ്പെട്ട് മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ, ആരോഗ്യവിദഗ്ധർ, ചലച്ചിത്ര പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കുന്ന സംവാദം എന്നിവയും സമ്മിറ്റിന്റെ ഭാഗമായി നടക്കും. വിദേശ രാജ്യങ്ങളിലെ കാൻസർ ചികിൽസയിലെ നിലവാരം എങ്ങനെ ഇവിടെ സാധ്യമാക്കാം എന്നത് സംബന്ധിച്ചും സമ്മേളനം ചർച്ച ചെയ്യും. കാൻസർ ചികിത്സയിലും ട്രാൻസ്പ്ലാന്റ് വലിയ ഘടകമായി വന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ട്രാൻസ്പ്ലാന്റ് ഓങ്കോളജി എന്ന പ്രത്യേക സെക്ഷനും സമ്മേളനത്തിൽ ഉണ്ടാകും.

കാൻസർ ചികിൽസയിൽ ലോകോത്തര വിദഗ്ധരായ മയോ ക്ലിനിക്, ക്ലേവ് ലാന്റ് ക്ലിനിക്, നാഷണൽ ഹെൽത്ത് സർവ്വീസ് യു.കെ എന്നിവടങ്ങളിൽ നിന്നുൾപ്പെടെ മിഡിൽ ഈസ്റ്റ്, ഒമാൻ, യുഎഇ തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി 150 ഓളം കാൻസർ ചികിൽസാ വിദഗ്ധരും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 200 ഓളം പ്രതിനിധികളും ക്രൗൺ പ്ലാസയിൽ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കും.

മെയ് 02, ശനിയാഴ്ച രാവിലെ ഒമ്പതിന് കാൻസറിനെതിരെ ആധുനിക ചികിൽസാരംഗം നേരിടുന്ന വെല്ലുവിളികളെ മറികടക്കൽ എന്ന പ്രമേയത്തെ ആസ്പദമാക്കി വിദഗ്ധ ഡോക്ടർമാർ പങ്കെടുക്കുന്ന സെമിനാറോടെ സമ്മേളനത്തിന് തുടക്കമാകും. ക്രോസ് റോഡ്സ് എന്ന പേരിൽ വൈകിട്ട് ആറിന് മാധ്യമ പ്രവർത്തകൻ ജോണി ലൂക്കോസ്, ഹൈബി ഈഡൻ എം.പി, ചലച്ചിത്രതാരം അമല പോൾ, മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രമഹ്ണ്യൻ, തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്റർ ഡയറക്ടർ ഡോ. രജനിഷ് കുമാർ, കോഴിക്കോട് എം.വി.ആർ കാൻസർ സെന്റർ മെഡിക്കൽ ഡയറക്ടർ ഡോ. നാരായണൻ കുട്ടി വാര്യർ, മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ കാൻസർ രോഗ വിദഗ്ദൻ ഡോ. വരുൺ രാജൻ എന്നിവർ പങ്കെടുക്കുന്ന സംവാദം നടക്കും. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസിന്റെ അധ്യക്ഷതയിൽ വൈകിട്ട് ഏഴിന് നടക്കുന്ന സമ്മേളനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഡോ. ജെയിം അബ്രാഹം, ഹൈബി ഈഡൻ എം.പി, ഡോ. പി.വി തോമസ് ഡോ. ശ്യാം വിക്രം, ഡോ. വരുൺ രാജൻ തുടങ്ങിയവർ സംസാരിക്കും. മെയ് 03,ഞാറാഴ്ച ഉച്ചയ്ക്ക് ഒരു മണിയോടെ സമ്മേളനം അവസാനിക്കും. കാൻസറിനെതിരെ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ പുതിയ സമ്പൂർണ കാൻസർ ചികിൽസാ കേന്ദ്രം ആരംഭിക്കുന്നതിന് മുന്നോടിയായിട്ടാണ് കാൻസർ സമ്മേളനം നടത്തുന്നത്. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി സൗത്ത് ബ്ലോക്കിന് എതിർവശത്തായി ആരംഭിക്കുന്ന കാൻസർ ചികിൽസാ കേന്ദ്രം സെപ്തംബർ അവസാനത്തോടെ പ്രവർത്തനം ആരംഭിക്കും. അത്യാധുനിക ചികിൽസാ സംവിധാനങ്ങളോടെ ആരംഭിക്കുന്ന കേന്ദ്രത്തിൽ ഇന്റർനാഷണൽ ട്യൂമർ ബോർഡ് സംവിധാനവും ഉണ്ടായിരിക്കും.

# പെരുമാറ്റ, വ്യക്തിത്വ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് ഹോമിയോപ്പതി ഫലപ്രദം : ഐ.എച്ച്.എം.എ

**കൊല്ലം:** പെരുമാറ്റ, വ്യക്തിത്വ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് ഹോമിയോപ്പതി ചികിത്സയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്ന് ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ 21 സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ ദേശീയ സെമിനാർ വിലയിരുത്തി. സംസ്ഥാനത്തെ 20 ഓളംഡോക്ടർമാർ വിവിധ വിഷയങ്ങളിൽ ശാസ്ത്ര പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ.വിനോദ് ജോസഫ്, ഡോ.സജീവ്, ഡോ. റംസൽ എന്നിവർ സെമിനാറിന് നേതൃത്വം നൽകി. ദേശീയ സെക്രട്ടറി ജനറൽ ഡോ.സജി.കെ ദേശീയ സെമിനാർ ഉത്ഘാടനം ചെയ്തു. കൊല്ലം ബീച്ച് ഹോട്ടലിൽ നടന്ന സമ്മേളനം ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ ഉത്ഘാടനം ചെയ്തു. . യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. പരിമൾ ചാറ്റർജി അദ്ധ്യക്ഷത വഹിച്ചു. എം. നൗഷാദ് എം.എൽ.എ പ്രസംഗിച്ചു ഐ.എച്ച്.എം.എ മികച്ച ഡോക്ടർമാർക്കുള്ള അവാർഡ് ചടങ്ങിൽ മന്ത്രി സമ്മാനിച്ചു. മികച്ച സ്വകാര്യ ഡോക്ടർ ഡോ.സജിൻ മായഞ്ചേരി (കോഴിക്കോട്), മികച്ച ഗവൺമെന്റ് ഡോക്ടർ ഡോ. മൻസൂർ അലി (പ്രിൻസിപ്പൽ, ഗവ. ഹോമിയോ കോളജ്, കോഴിക്കോട്), മികച്ച നവാഗത ഡോക്ടർ ഡോ. ഡോണ സി ഏലിയാസ് (എറണാകുളം) എന്നിവരാണ് അവാഡിന് അർഹരായത്. ഐ.എച്ച്.എം എ യുടെ മാധ്യമ പുരസ്കാരങ്ങൾ നേടിയ സംഗീത് ശ്യാം പ്രകാശ് (സൊസൈറ്റി ന്യൂസ് ടുഡെ), രാജേഷ് വി.എസ് (കൗമുദി ടി വി) എന്നിവർക്കുള്ള അവാർഡും മന്ത്രി കെ. എൻ. ബാലഗോപാൽ ചടങ്ങിൽ വിതരണം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. അഷ്റഫ് സൊഹൈൽ, കെ.ജി.എച്ച് എം.ഒ.എ സംസ്ഥാന പ്രസിഡന്റ് ഡോ.ബിജു പി.ജി, കോൺഫറൻസ് ചെയർമാൻ ഡോ. എ. ബിജു, കോൺഫറൻസ് ഡയറക്ടർ ഡോ. മുഹമ്മദ് ഷാഫി തുടങ്ങിയവർ സംസാരിച്ചു.



*ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ 21ാമത് സംസ്ഥാന സമ്മേളനം കൊല്ലം ബീച്ച് ഹോട്ടലിൽ ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ ഉത്ഘാടനം ചെയ്യുന്നു.*

# സ്കോഡ സി എസ് സി ഗ്രാമീൺ ഇസ്റ്റോറുമായി പങ്കാളിത്തത്തിൽ




**കൊച്ചി:** ഇന്ത്യയിൽ മെട്രോഇതര, അർദ്ധ നഗര പ്രദേശങ്ങളിൽ പാദമുദ്ര വ്യാപിപ്പിക്കുന്നതിനായി സ്കോഡ ഓട്ടോ ഇന്ത്യ കോമൺ സർവീസസ് സെന്റർ (സി എസ് സി) ഗ്രാമീൺ ഇസ്റ്റോറുമായി കരാറിലെത്തി. രാജ്യത്തെ വിവിധ പുതിയ മേഖലകളിലെ ഉപഭോക്താക്കളിലേക്ക് കൈലാഖ്, കുഷാഖ്, സ്ലാവിയ മോഡലുകൾ എത്തിക്കുന്നതിനായി സ്കോഡ സി എസ് സിയുടെ വിപുലമായ ഡിജിറ്റൽ, ഭൗതിക ശൃംഖലകളെ ഉപയോഗിക്കും. സി എസ് സിയുടെ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തുന്ന ഏതാനും പ്രീമിയം ഓട്ടോ ബ്രാൻഡുകളിൽ ഒന്നാണ് സ്കോഡ. ഇന്ത്യയിലെ മെട്രോ ഇതര നഗരങ്ങളിൽ വ്യാപകമായ സാന്നിദ്ധ്യമുള്ള സി എസ് സി ശൃംഖല മുമ്പ് വാഹന ബ്രാൻഡുകളിലേക്ക് പരിമിതമായ പ്രവേശനം മാത്രം ഉണ്ടായിരുന്ന ഉപഭോക്താക്കൾക്ക് ഒരു പ്രധാന ടച്ച്പോയിന്റായി പ്രവർത്തിക്കും. അതിലൂടെ, സ്കോഡ ഓട്ടോ ഇന്ത്യയ്ക്ക് പുതിയതും ഇതുവരെ എത്തിച്ചേർന്നിട്ടില്ലാത്തതുമായ വിപണികളിൽ എത്തിച്ചേരാനാകും. ഉപഭോക്താക്കൾക്ക് ഡിജിറ്റലായി സ്കോഡയെക്കുറിച്ച് മനസ്സിലാക്കാനും വാഹനം വാങ്ങുന്നതിനമുള്ള സഹായം ലഭിക്കുകയും ചെയ്യും. പ്രാദേശിക സംരംഭകരിലൂടെ ഉപഭോക്താക്കളുമായുള്ള ഇടപെടൽ ശക്തിപ്പെടും. നിലവിലെ ഡീലർഷിപ്പ് സൗകര്യങ്ങളെ പരിധികളില്ലാത്ത വിതരണ, സേവനങ്ങൾക്കായി ഉപയോഗപ്പെടുത്താനും സാധിക്കും.

ഈ പങ്കാളിത്തത്തിന്റെ ഭാഗമായി എസ് എസ് സിയുടെ ഗ്രാമീൺ ഇസ്റ്റോർ പ്ലാറ്റ്ഫോമിലൂടെ കൈലാഖ്, കുഷാഖ്, സ്ലാവിയ എന്നിവ ലഭ്യമാകും.

ഇതിലൂടെ ഉൽപന്നങ്ങളെക്കുറിച്ച് അന്വേഷണങ്ങൾ നടത്താനും അവ വാങ്ങുന്നതിനും സഹായിക്കും. അതിനായി, വാഹന വിതരണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി സ്കോഡയുടെ ഡീലർഷിപ്പ് ശൃംഖലയെ പ്രയോജനപ്പെടുത്തും.

# ഫെഡറൽ ബാങ്കിന് 1259 കോടി രൂപ അറ്റാദായം

**കൊച്ചി:** 2026 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ നാലാംപാദത്തിൽ ഫെഡറൽ ബാങ്കിന്റെ മൊത്തം ബിസിനസ് 5,78,503.76 കോടി രൂപയായി ഉയർന്നു. വാർഷിക അറ്റാദായം 4,117.32 കോടി രൂപയായി. നാലാംപാദത്തിലെ മാത്രം അറ്റാദായം 20.93 ശതമാനം വളർച്ചയോടെ 1,259.10 കോടി രൂപയിലെത്തി. വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മൂന്നാംപാദത്തിലെ 2,58,910.16 കോടി രൂപയിൽ നിന്ന് 2,68,369.03 കോടി രൂപയായി വർധിച്ചു. 3.65 ശതമാനമാണ് വളർച്ചാനിരക്ക്. പ്രവാസിനിക്ഷേപം 7.04 ശതമാനം പാദവാർഷിക വർദ്ധനവോടെ 1,02,619.69 കോടി രൂപയായി ഉയർന്നു. വളർച്ച ലക്ഷ്യം വച്ച് ആസൂത്രണം ചെയ്ത പദ്ധതികൾ പ്രകാരം കാര്യക്ഷമതയുള്ള പ്രവർത്തനം നടത്താൻ ഞങ്ങൾക്ക് സാധിച്ചു എന്നതാണ് നാലാം പാദ ഫലങ്ങളിൽ നിന്ന് വ്യക്തമാവുന്നതെന്ന് ബാങ്കിന്റെ എംഡിയും സി ഇ ഒയുമായ കെ വി എസ് മണിയൻ പറഞ്ഞു. റീട്ടെയ്ൽ നിക്ഷേപങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ടും ചെലവേറിയ നിക്ഷേപങ്ങൾ കുറച്ചുകൊണ്ടും നിക്ഷേപസമാഹരണ രംഗത്ത് ഞങ്ങൾ വരുത്തിയ മാറ്റങ്ങൾ മികച്ച വളർച്ചയ്ക്ക് കാരണമായി. കാസാ, പ്രവാസിനിക്ഷേപങ്ങളിൽ ഒരേ സമയം 1 ലക്ഷം കോടി രൂപ എന്ന നാഴികക്കല്ല് കടക്കാൻ സാധിച്ചത് നിക്ഷേപസമാഹരണത്തിലെ ഞങ്ങളുടെ ആസൂത്രണം വിജയിക്കുന്നതിന്റെ തെളിവാണ്. വായ്പാ രംഗത്തെ ചുവടുമാറ്റങ്ങൾ ഒരു ഇടക്കാല പ്രതിഭാസം മാത്രമാണ്. തെരഞ്ഞെടുത്ത മേഖലകളിൽ മികച്ച വളർച്ച നേടാൻ ഞങ്ങൾക്ക് സാധിക്കുന്നുണ്ട്. വെൽത് പ്ലാറ്റ്ഫോം പ്രവർത്തനക്ഷമമായതും ആസ്തി മേലുള്ള ലാഭം, അറ്റപലിശ മാർജിൻ എന്നിവ പ്രീ കട്ട് ലെവലിൽ എത്തിയതും വളർച്ചയുടെ അടുത്ത പടവിലേക്ക് എത്താൻ ഞങ്ങളെ പിന്തുണയ്ക്കുമെന്നും കെ വി എസ് മണിയൻ കൂട്ടിച്ചേർത്തു. ബാങ്കിന്റെ മൊത്തം ബിസിനസ് 4.54 ശതമാനം വർധിച്ച് 5,78,503.76 കോടി രൂപയിലെത്തി. മൂന്നാംപാദത്തിൽ 2,97,795.82 കോടി രൂപയായിരുന്ന നിക്ഷേപം 5.41 ശതമാനം വർദ്ധനവോടെ 3,13,909.39 കോടി രൂപയായെന്നും അദ്ദേഹം വ്യക്തമാക്കി.

# ദ്വിദിന പഠനക്യാമ്പ്

**കൊച്ചി:** ശ്രീനാരായണ സേവാ വനിതാസംഘത്തിന്റെ നേതൃത്വത്തിൽ ചിരിമുറ്റം എന്ന പേരിൽ മെയ് 16,17 തീയതികളിൽ എറണാകുളം സഹോദര സൗധത്തിൽ വച്ച് വിദ്യാർത്ഥികൾക്കായി ദ്വിദിന പഠനക്യാമ്പ് സംഘടിപ്പിക്കും. 16 ന് രാവിലെ 9.30ന് കുമാരി സുഭദ്ര ഉണ്ണികൃഷ്ണൻ (കുഞ്ഞാറ്റ) ഫൽവേഴ്സ് ടോപ് സിംഗർ ഫെയിം ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

10.30ന് ആത്മവിശ്വാസം വളർത്താം എന്ന വിഷയത്തിൽ കെ.പി. അജേഷ്, 11.30ന് കുട്ടികളുടെ ഗുരുദേവൻ എന്ന വിഷയത്തിൽ മാതാശബരി ചേതനയും ക്ലാസ്സെടുക്കും. 1.30ന് കേരള ഫോക്‌ലോർ അക്കാഡമി അവാർഡ് ജേതാവ് രജീഷ് പാണ്ഡവാസും സംഘവും നാടൻപാട്ടും പാട്ടുപറച്ചിലും നടത്തും. രണ്ടാം ദിവസം മെയ് 17നു രാവിലെ 9.30ന് ബുദ്ധിമാനായ കുട്ടി എന്ന വിഷയത്തെക്കുറിച്ച് യു. ലുക്കുമാനും, 10.30ന് ഉയർന്നു പറക്കാൻ എന്ന വിഷയത്തിൽ ഡോ. സ്മിത പിള്ളയും ക്ലാസ്സെടുക്കും. 11.30ന് കോറിഗാമി, മുരളി അങ്കമാലി ക്ലാസ്സെടുക്കും. 2.00ന് അവലോകനവും 3.30ന് സർട്ടിഫിക്കറ്റും വിദ്യാഭ്യാസ ധനസഹായവും വിതരണം ചെയ്യും.

# അമ്മയെയും കുഞ്ഞിനെയും വേർപിരിക്കാത്ത ചികിത്സാ രീതിയൊരുക്കി ബർത്ത്‌വില്ലേജ്

**കൊച്ചി:** ചികിത്സാ വേളയിൽ അമ്മയെയും നവജാതശിശുവിനെയും വേർപെടുത്തുന്ന രീതിക്ക് വിരാമമിട്ടുകൊണ്ട് ജില്ലയിലെ ആദ്യത്തെ മാതൃനവജാതശിശു പരിചരണ വിഭാഗം ഒരുക്കി ബർത്ത്‌വില്ലേജ്. മെയ് 5ന് അന്താരാഷ്ട്ര മിഡ്‌വൈഫറി ദിനത്തിലാണ് ഈ നൂതന സംവിധാനത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം നടക്കുകയെന്ന് ബർത്ത്‌വില്ലേജ് സ്ഥാപകയും ഡയറക്ടറുമായ പ്രിയങ്ക ഇടിക്കുള വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ചടങ്ങിൽ അന്ന ലിൻഡ ഈഡൻ മുഖ്യാതിഥിയായിരിക്കും.

ആസ്റ്റർ ഹോസ്പിറ്റലിലെ നിയോനറ്റോളജി വിഭാഗം മേധാവി ഡോ. ജോർജ്ജ് ജോസ്, ബർത്ത്‌വില്ലേജ് മെഡിക്കൽ ഡയറക്ടർ ഡോ. ഐജോ ജോയ് എന്നിവർ ചടങ്ങിൽ സംസാരിക്കും. അത്യാധുനിക മെഡിക്കൽ സാങ്കേതികവിദ്യയും കുടുംബ കേന്ദ്രീകൃതമായ പരിചരണവും സമന്വയിപ്പിക്കുന്ന ഈ യൂണിറ്റിൽ, ചികിത്സാ വേളയിലുടനീളം അമ്മയ്ക്കും കുഞ്ഞിനും ഒരുമിച്ച് കഴിയാൻ സാധിക്കുമെന്നതാണ് പ്രത്യേകതയെന്ന് ബന്ധപ്പെട്ട അധികൃതർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സാധാരണയായി നവജാതശിശുക്കൾക്ക് പ്രത്യേക പരിചരണം ആവശ്യമായി വരുമ്പോൾ എൻ.ഐ.സി.യു (NICU) സൗകര്യത്തിനായി അമ്മമാരിൽ നിന്ന് അവരെ മാറ്റിനിർത്തുകയാണ് പതിവ്. നേരെമറിച്ച്, ബർത്ത്‌വില്ലേജിന്റെ എംഎൻസിയു, ലോകാരോഗ്യ സംഘടനയുടെ 'ഇമ്മീഡിയറ്റ് കെ എം സി' പഠനത്തിലെ കണ്ടെത്തലുകളോട് ചേർന്നുനിൽക്കുന്നതാണ്. ലെവൽ 2 ചികിത്സാരീതികൾക്കൊപ്പം തന്നെ, നവജാതശിശുക്കളുടെ ആരോഗ്യപുരോഗതിയിൽ അമ്മയുടെ സാന്നിധ്യവും നിരന്തരമായ ശാരീരിക സമ്പർക്കവും അത്യന്താപേക്ഷിതമാണെന്ന് ഇത് അടിവരയിടുന്നു. കുഞ്ഞിന് ചികിത്സ ആവശ്യമായി വരുമ്പോൾ അവരെ അമ്മയിൽ നിന്ന് വേർപെടുത്തുക എന്നത് പലപ്പോഴും അനിവാര്യമായി കരുതാറുണ്ട്. എന്നാൽ അമ്മയുടെ സ്പർശനവും ശബ്ദവും മുലപ്പാലുമെല്ലാം വെറും വൈകാരിക പിന്തുണ മാത്രമല്ല, അത് കുഞ്ഞിനുള്ള ക്ലിനിക്കൽ ചികിത്സയുടെ ഭാഗം കൂടിയാണെന്ന് പ്രിയങ്ക ഇടിക്കുള പറഞ്ഞു.

കുഞ്ഞിനെ അമ്മയുടെ നെഞ്ചോട് ചേർത്തുനിർത്തുന്ന രീതി കുഞ്ഞിന്റെ ഹൃദയമിടിപ്പ്, ശരീരതാപനില, രക്തത്തിലെ പഞ്ചസാരയുടെ അളവ് എന്നിവ സാധാരണ നിലയിലാക്കാൻ അത്യാധുനിക യന്ത്രങ്ങൾ മാത്രം ഉപയോഗിക്കുന്നതിനേക്കാൾ ഫലപ്രദമായി സഹായിക്കുമെന്ന് ചീഫ് പീഡിയാട്രീഷ്യൻ ഡോ. ഐജോ ജോയ് പറഞ്ഞു. മെഡിക്കൽ ചികിത്സയ്ക്കൊപ്പം തന്നെ അമ്മയുടെ സാമീപ്യം ഉറപ്പാക്കുന്നത് കുഞ്ഞുങ്ങൾ വേഗത്തിൽ സുഖം പ്രാപിക്കാൻ സഹായിക്കുന്നു.

നിരന്തരമായ ബെഡ്സൈഡ് മോണിറ്ററിംഗ് സംവിധാനം, 24 മണിക്കൂറും ലഭ്യമായ വിദഗ്ധ ഡോക്ടർമാരുടെ സേവനം, മുലയൂട്ടലിന് പ്രത്യേക സഹായം എന്നിവ ഈ യൂണിറ്റിന്റെ സവിശേഷതകളാണ്. നിർബന്ധിത വേർപിരിയൽ ഒഴിവാക്കുന്നതിലൂടെ പ്രസവാനന്തര ഉത്കണ്ഠ കുറയ്ക്കാനും അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാനും ഈ സംവിധാനത്തിലൂടെ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി

# ഐ.എച്ച്.എം.എ: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊല്ലം:** ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ 2026–27 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി ഡോ. മായാറാണി സേനൻ (കോട്ടയം), വൈസ് പ്രസിഡന്റുമാർ ഡോ. ജയശ്രീ നീലഞ്ചേരി കണ്ടിയിൽ (കോഴിക്കോട്), ഡോ. അജിത്ത്കുമാർ വി.ജി (കോഴിക്കോട്), ജനറൽ സെക്രട്ടറി ഡോ. അശോക് കുമാർ (ഇടുക്കി), സംസ്ഥാന സെക്രട്ടറിമാർ ഡോ. ഹരീഷ് കുമാർ (മലപ്പുറം), ഡോ. വിനീ ത മേനോൻ (എറണാകുളം), ട്രഷറർ ഡോ. ജസീല ബഷീർ (പ്രാലക്കാട്) എന്നിവരാണ് പുതിയ ഭാരവാഹികൾ.





*ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ 2026–27 വർഷത്തെ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട ഡോ.മായാറാണി സേനൻ (സംസ്ഥാന പ്രസിഡന്റ്) ഡോ.അജിത്ത് കുമാർ വി.ജി (സംസ്ഥാന ജനറൽ സെക്രട്ടറി), ഡോ. ജസീല ബഷീർ (സംസ്ഥാന ട്രഷറർ) എന്നിവർ.*

# ഇമാക് സൈലന്റ് ഹീറോസ് അവാർഡ്സ് ജൂൺ 06ന് തൃശ്ശൂരിൽ

**തൃശൂർ:** കേരളത്തിലെ ഇവന്റ് മാനേജർമാരുടെ സംഘടനയായ ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള (ഇമാക്) സൈലന്റ് ഹീറോസ് അവാർഡുകളുടെ എട്ടാം പതിപ്പ് ജൂൺ 06ന് തൃശൂർ ഹയാത്ത് റീജൻസിയിൽ നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.




കേരളത്തിലുടനീളമുള്ള ഇവന്റ് മാനേജർമാരുടെ സുസ്ഥിര സേവനങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇമാക് അവരുടെ പാർട്നേഴ്സിനായി അവാർഡുകൾ നൽകുന്നത്. വർഷങ്ങളായി സംസ്ഥാനത്തിലുടനീളമുള്ള ഇവന്റ് മാനേജ്മെന്റ് ഏജൻസികളെയും പ്രഫഷണലുകളെയും ആദരിക്കുകയും അനുമോദിക്കുകയും ചെയുന്ന വേദിയാണ് ഇമാക് സൈലന്റ് ഹീറോസ് അവാർഡ്സ്. ഇവന്റ് ഡെക്കോർ ആൻഡ് പ്രൊഡക്ഷൻ, ടെക്നിക്കൽ സപ്പോർട്ട് ആന്റ് സൊല്യൂഷൻസ്, എന്റർടൈൻമെന്റ് ഡിസൈൻ, വെന്യു ആൻഡ് കാറ്ററിംഗ് സൊല്യൂഷൻസ്, പേഴ്സണലൈസ്ഡ് സൊല്യൂഷൻസ് എന്നിങ്ങനെ 5 തലങ്ങളിലായി 60 വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സ്വർണം, വെള്ളി, വെങ്കല മെഡലുകൾ 2026ലെ സൈലന്റ് ഹീറോസ് അവാർഡ് ജേതാക്കൾക്ക് സമ്മാനിക്കും. രാജ്യത്തുടനീളമുള്ള വ്യവസായ വിദഗ്ധരുടെ 14 അംഗ ജൂറിയാണ് അവാർഡുകൾ വിലയിരുത്തുന്നതെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള പ്രസിഡന്റ് രാജു കണ്ണമ്പുഴ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പരിപാടിയിൽ ബി2ബി എക്സ്പോ, വിജ്ഞാന സെഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, അവാർഡുകൾ, വിനോദപരിപാടികൾ എന്നിവ നടക്കും. ഇമാക് വൈസ് പ്രസിഡന്റ് ധിഷൻ അമ്മാനത്ത്, ജനറൽ സെക്രട്ടറി ബഹനാൻ കെ. അരീക്കൽ, ട്രഷറർ പ്രവീൺ ചന്ദ്രൻ, സൈലന്റ് ഹീറോസ് 2026 കൺവീനർ ജോയൽ ജോൺ, മീഡിയ ഹെഡ് ജിൻസി തോമസ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ബധിര ഏകദിന ക്രിക്കറ്റ് ടൂർണമെന്റ് മെയ് ആറു മുതൽ; ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** രണ്ടാമത് ഡഫ് ക്രിക്കറ്റ് അസോസിയേഷൻ ഓഫ് കേരള സോണൽ ബധിര ഏകദിന ക്രിക്കറ്റ് ചാംപ്യൻഷിപ്പ് 2026 മെയ് ആറു മുതൽ എട്ടു വരെ അങ്കമാലി ബൗണ്ടറി ക്രിക്കറ്റ് ഗ്രൗണ്ടിൽ നടക്കും. ചാംപ്യൻഷിപ്പിന്റെ ലോഗോ എറണാകുളം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് പി ശിവകുമാർ പ്രകാശനം ചെയ്തു. ഡഫ് ക്രിക്കറ്റ് അസോസിയേഷൻ ഓഫ് കേരള സെക്രട്ടറി റിയാസുദ്ദീൻ കെ, കേരള ഡഫ് ക്രിക്കറ്റ് താരം ജുബിൽ എം പി എന്നിവർ പങ്കെടുത്തു.

ഡിഫറന്റ്‌ലി ഏബ്ൾഡ് ക്രിക്കറ്റ് കൗൺസിൽ ഓഫ് ഇന്ത്യയുമായി അഫിലിയേറ്റ് ചെയ്ത ഇന്ത്യൻ ഡഫ് ക്രിക്കറ്റ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശത്തിലും ബി സി സി ഐയുടെ പിന്തുണയോടെയുമാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്.



*രണ്ടാമത് ബധിര ഏകദിന ക്രിക്കറ്റ് ചാംപ്യൻഷിപ്പിന്റെ ലോഗോ എറണാകുളം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് പി ശിവകുമാർ പ്രകാശനം ചെയ്യുന്നു. ഡഫ് ക്രിക്കറ്റ് അസോസിയേഷൻ ഓഫ് കേരള സെക്രട്ടറി റിയാസുദ്ദീൻ കെ, കേരള ഡഫ് ക്രിക്കറ്റ് താരം ജുബിൽ എം പി എന്നിവർ സമീപം.*

# വിനോദ് പണിക്കർ ഇൻഡെൽ മണി സിഎഫ്ഒ

**കൊച്ചി:** പ്രമുഖ നോൺ ബാങ്കിംഗ് ധനകാര്യ കമ്പനിയായ ഇൻഡെൽ മണി ചീഫ് ഫിനാൻഷ്യൽ ഓഫീസറായി വിനോദ് പണിക്കരെ നിയമിച്ചു. കമ്പനിയുടെ മൊത്തത്തിലുള്ള സാമ്പത്തിക പദ്ധതികളും, മൂലധന കൈകാര്യവും, കമ്പനി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇനി മുതൽ വിനോദ് പണിക്കരുടെ നേതൃത്വത്തിലായിരിക്കും. ഇതോടൊപ്പം കമ്പനിയുടെ അടുത്ത ഘട്ടം വളർച്ചയ്ക്കും വികസനത്തിനുമുള്ള പിന്തുണയും അദ്ദേഹം നൽകും.



ധനകാര്യ രംഗത്ത് 38 വർഷത്തെ സേവന പാരമ്പര്യമുള്ള, ചാർട്ടേഡ് അക്കൗണ്ടന്റായ വിനോദ് പണിക്കർ, എൻബിഎഫ്സി, മീഡിയ ആന്റ് എന്റർടെയിൻമെന്റ്, എഫ്എംസിജി മേഖലകളിൽ വിദഗ്ധനാണ്. വലിയ തോതിലുള്ള ധനസമാഹരണം, ബിസിനസ് പുനസംഘടന, സാമ്പത്തിക തന്ത്രങ്ങൾ, ഓഡിറ്റ്, കമ്പനികളുടെ നിയന്ത്രണം, ഭരണ നിർവഹണം ശാക്തീകരിക്കൽ തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുണ്ട്.

വിനോദ് പണിക്കരുടെ ഈ മേഖലയിലെ പരിചയ സമ്പത്ത്, പ്രത്യേകിച്ച് എൻബിഎഫ്സികളിലെ നേതൃപരമായ പങ്ക് ഇൻഡെൽ മണിയുടെ വികസനത്തിന് വളരെ ഗുണകരമാവുമെന്ന് കമ്പനി സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഉമേഷ് മോഹനൻ പറഞ്ഞു. ധനകാര്യ മേഖലയെക്കുറിച്ചും മൂലധന വിപണികളെക്കുറിച്ചും അദ്ദേഹത്തിനുള്ള അഗാധമായ അറിവും ധന സമാഹരണത്തിലും റിസ്ക് കൈകാര്യം ചെയ്യുന്നതിലുമുള്ള വൈദഗ്ധ്യവും വലിയ മുതൽക്കൂട്ടാവും.

സ്വർണ്ണ വായ്പാ രംഗത്ത് മുൻ നിരയിലുള്ള എൻബിഎഫ്സിയായ ഇൻഡെൽ മണിയിൽ സിഎഫ്ഒ ആയി ചേരാൻ കഴിഞ്ഞതിൽ അഭിമാനവും, ദീർഘ വീക്ഷണവും മികച്ച തന്ത്രങ്ങളും കൈമുതലായ ഡയറക്ടർ ബോർഡിനൊപ്പം പ്രവർത്തിക്കാൻ സന്തോഷവുമുണ്ടെന്ന് സിഎഫ്ഒ വിനോദ് പണിക്കർ പ്രതികരിച്ചു. കമ്പനി പ്രതിവർഷം 10,000 കോടിയിൽ പരം കോടി രൂപ വായ്പയായി വിതരണം ചെയ്യുന്നുണ്ട്. 3600 കോടി രൂപയിലേറെ ലോൺ പോർട്ഫോളിയോയുമുണ്ട്. ഇതിന്റ 94 ശതമാനത്തോളം സ്വർണ്ണ പണയത്തിലുള്ള വായ്പയാണ്.

# ഏഷ്യൻ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് : ചരിത്ര നേട്ടം കുറിച്ച് ഇന്ത്യൻ പുരുഷ ടീം



**ഒസാക:** ഏഷ്യൻ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ചരിത്ര നേട്ടം കരസ്ഥമാക്കി ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ടീം. ഏഷ്യൻ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യൻ പുരുഷ ബ്ലൈൻഡ് ഫുട്ബോൾ ടീം സെമിഫൈനലിൽ പ്രവേശിച്ച് ഈ മഹത്തായ നേട്ടം സ്വന്തമാക്കിയത്. ടൂർണമെന്റിൽ നാലാം സ്ഥാനത്ത് ഫിനിഷ് ചെയ്ത ടീം, പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ എക്കാലത്തെയും മികച്ച റാങ്കിംഗും സ്വന്തമാക്കി. ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോളിന് അഭിമാന നിമിഷമാണിത്. പുരുഷ -വനിതാ ടീമുകൾ ചാമ്പ്യൻഷിപ്പിൽ മികച്ച രീതിയിൽ കളിച്ചു. വനിതാ ടീമിന്റെ വെള്ളി മെഡലും പുരുഷ ടീമിന്റെ ആദ്യ സെമിഫൈനൽ പ്രവേശനവും ഇന്ത്യയ്ക്ക് വലിയ അഭിമാന നേട്ടമാണ് സമ്മാനിച്ചിരിക്കുന്നതെന്ന് ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ടീമിന്റെ ഹെഡ് കോച്ച് സുനിൽ ജെ. മാത്യു പറഞ്ഞു. സെമിഫൈനലിലെ പ്രവേശനത്തിലൂടെ ലഭിക്കുന്ന നിർണായക റാങ്കിംഗ് പോയിന്റുകളുടെ അടിസ്ഥാനത്തിൽ, 2027 ഒക്ടോബറിൽ ബ്രസീലിൽ നടക്കാനിരിക്കുന്ന പുരുഷ ബ്ലൈൻഡ് ഫുട്ബോൾ വേൾഡ് കപ്പിലേക്ക് ലോക റാങ്കിംഗിലൂടെ യോഗ്യത നേടാനുള്ള ശക്തമായ സാധ്യത ഇപ്പോൾ ഇന്ത്യൻ പുരുഷ ബ്ലൈൻഡ് ഫുട്ബോൾ ടീമിന് ലഭിച്ചിരിക്കുകയാണ്. ഇത് സ്ഥിരീകരിക്കപ്പെടുകയാണെങ്കിൽ, ബ്ലൈൻഡ് ഫുട്ബോൾ വേൾഡ് കപ്പിന്റെ ചരിത്രത്തിൽ ഇന്ത്യൻ പുരുഷ ടീമിന്റെ ആദ്യ സാന്നിധ്യമായി അത് മാറും.

## അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിൽ സൗജന്യ 'ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക്'

**അങ്കമാലി:** പ്രമേഹരോഗികൾക്കിടയിൽ വർധിച്ചുവരുന്ന പാദസംബന്ധമായ സങ്കീർണ്ണതകൾക്ക് പരിഹാരം ലക്ഷ്യമിട്ട് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിൽ അത്യാധുനിക 'ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക്' പ്രവർത്തനമാരംഭിക്കുന്നു. ഹോസ്പിറ്റലിലെ പ്ലാസ്റ്റിക്, റീകൺസ്ട്രക്റ്റീവ്, മൈക്രോവാസ്കുലർ ആൻഡ് കോസ്മെറ്റിക് സർജറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സജ്ജമാക്കിയ സൗജന്യ പാദപരിശോധന ക്യാമ്പ് ഇന്ന് നടക്കും.

പ്രമേഹരോഗികളിൽ പാദങ്ങളിലെ സ്പർശനശേഷി കുറയുന്നതും രക്തയോട്ടം തടസ്സപ്പെടുന്നതും മൂലം ഉണ്ടാകുന്ന ഗുരുതരമായ മുറിവുകൾ ഒഴിവാക്കാനും കൃത്യമായ പരിചരണം നൽകാനുമാണ് ക്ലിനിക്ക് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സൗജന്യ ക്യാമ്പിൽ പ്ലാസ്റ്റിക് സർജറി, ഇന്റേണൽ മെഡിസിൻ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമായിരിക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് വിവിധ പരിശോധനകൾ പൂർണ്ണമായും സൗജന്യമായി നൽകും. പാദങ്ങളിലെ രക്തയോട്ടം മനസ്സിലാക്കാനുള്ള ഡോപ്ലർ പരിശോധന (ABI Test), നാഡികളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്ന ബയോതെസിമീറ്റർ ടെസ്റ്റ് (Biothesiometer), പാദങ്ങളിലെ മർദ്ദം അളക്കുന്ന ഡിജിറ്റൽ ഫൂട്ട് സ്കാൻ (Foot Scan) എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ HbA1c, CBC, RBS, സെറം ക്രിയാറ്റിനിൻ, സെറം കൊളസ്ട്രോൾ തുടങ്ങിയ രക്തപരിശോധനകളും സൗജന്യമായിരിക്കും. മുൻ കൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കുന്നത്.

## കെപിഎൽ:

# കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയെ വീഴ്ത്തി കാലിക്കറ്റ് എഫ്സി



*കെപിഎല്ലിൽ കേരള ബ്ലാസ്റ്റഴ്സിനെതിരെ കാലിക്കറ്റ് എഫ്സിയുടെ വിജയഗോൾ നേടിയ ജുനൈൻ മത്സരത്തിനിടയിൽ.*

**കോഴിക്കോട്:** കേരള പ്രീമിയർ ലീഗ് (കെപിഎൽ) 2025-26 സീസണിന്റെ ഗ്രൂപ്പ് ഘട്ടത്തിൽ കാലിക്കറ്റ് എഫ്സിക്ക് വിജയത്തോടെ ഗംഭീര ഫിനിഷ്. തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ പോരാട്ടത്തിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് കാലിക്കറ്റ് പരാജയപ്പെടുത്തിയത്. കാലിക്കറ്റിനായി ആന്റണി പൗലോസ് (20), ജുനൈൻ കടവലത്ത് (35) എന്നിവർ ലക്ഷ്യം കണ്ടപ്പോൾ, ബ്ലാസ്റ്റേഴ്സിന്റെ ആശ്വാസഗോൾ ഹോകിപ്പിന്റെ (30) വകയായിരുന്നു. സൂപ്പർ എട്ടിലേക്കുള്ള യോഗ്യത നേരത്തെ തന്നെ ഉറപ്പിച്ചിരുന്ന കാലിക്കറ്റ് എഫ്സി, ഈ മിന്നും വിജയത്തോടെ തങ്ങളുടെ അരങ്ങേറ്റ സീസണിൽ ഗ്രൂപ്പ് എ-യിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

വലത് വിങ്ങിൽ നിന്നുള്ള മുന്നേറ്റത്തിനൊടുവിൽ അജിത് ഉതിർത്ത ഷോട്ട് നിർഭാഗ്യവശാൽ പോസ്റ്റിൽ തട്ടിമടങ്ങുകയായിരുന്നു. എന്നാൽ, 20-ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് പ്രതിരോധനിരയുടെ പിഴവ് മുതലെടുത്ത് ആന്റണി പൗലോസിലൂടെ കാലിക്കറ്റ് അർഹിച്ച ലീഡ് സ്വന്തമാക്കി. എതിർതാരങ്ങളുടെ ആശയവിനിമയത്തിലുായ പാളിച്ചയിൽ നിന്ന് പന്ത് റാഞ്ചിയെടുത്ത ആന്റണി, മികച്ചൊരു ഒറ്റയാൾ മുന്നേറ്റത്തിലൂടെ വല കുലുക്കി.

ഗോൾ വഴങ്ങിയതോടെ ഉണർന്നുകളിച്ച ബ്ലാസ്റ്റേഴ്സ് ശക്തമായി തിരിച്ചടിച്ചു; 30-ാം മിനിറ്റിൽ ഹോകിപ്പിലൂടെ അവർ സമനില പിടിച്ചു. എന്നാൽ ഈ ആവേശം അധികനേരം നീണ്ടുനിന്നില്ല. കൃത്യം അഞ്ച് മിനിറ്റുകൾക്കകം (35') കാലിക്കറ്റ് വീണ്ടും മത്സരത്തിൽ ആധിപത്യം സ്ഥാപിച്ചു. റുവാത നൽകിയ മനോഹരമായ പാസ് സ്വീകരിച്ച് ജുനൈൻ എടുത്ത ഷോട്ട്, പോസ്റ്റിൽ ഇടിച്ച് ഗോൾവര കടന്നതോടെ കാലിക്കറ്റ് ലീഡ് തിരിച്ചുപിടിച്ചു (21).രണ്ടാം പകുതിയിൽ സമനില ഗോളിനായി ബ്ലാസ്റ്റേഴ്സ് നിരന്തരം ആക്രമണങ്ങൾ അഴിച്ചുവിട്ടു. മറുഭാഗത്ത് ലീഡ് ഉയർത്താൻ കാലിക്കറ്റും ശ്രമിച്ചതോടെ മത്സരം ആവേശകരമായി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com